LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 2013-ൽ നടത്തിയ പ്രവാസി മലയാളി സെൻസസ് പ്രകാരം വിവിധ വിദേശ രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ എണ്ണം 16,25,653 ആണ്.

(ബി) കൃത്യമായ വിവരം ലഭ്യമല്ല. എന്നാൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ജൂൺ 2015-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ ബാങ്കുകളിലെ പ്രവാസികളുടെ നിക്ഷേപം 1,17,34,977 ലക്ഷം രൂപയാണ്.

(സി) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 2013-ൽ നടത്തിയ പ്രവാസി മലയാളി സെൻസസ് പ്രകാരം ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി നോക്കുന്നത് യു.എ.ഇ.-യിലാണ്. ഈ സെൻസസ് പ്രകാരം സൗദി അറേബ്യയിൽ ജോലി നോക്കുന്ന പ്രവാസി മലയാളികളുടെ എണ്ണം 421313 ആണ്.

(ഡി) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 2013-ൽ നടത്തിയ പ്രവാസി മലയാളി സെൻസസ് പ്രകാരം ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ള ജില്ല മലപ്പുറമാണ്. താലൂക്ക് തിരിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

(ഇ) വിദേശ രാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികളെ സംബന്ധിച്ച വിശദ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ എംബസിയോ ആ രാജ്യത്തെ സർക്കാരോ ലഭ്യമാക്കാത്തതിനാൽ പ്രവാസി മലയാളികളുടെ കൃത്യമായ എണ്ണം ലഭ്യമല്ല. ഇവരെ സംബന്ധിക്കുന്ന നിവേദനങ്ങൾ കുടുംബാംഗങ്ങളിൽ നിന്നും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഭിക്കുന്ന മുറയ്ക്ക് അതാത് എംബസ്സികളുടെ ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. തിരികെയെത്തുന്ന കേസ്സുകളിൽ ചിലതൊഴികെ വിവരങ്ങൾ ബന്ധപ്പെട്ട എംബസിയോ തിരികെയെത്തുന്ന പ്രവാസികളോ സർക്കാരിനെ അറിയിക്കാത്തതിനാൽ തിരികെ നാട്ടിലെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

## പ്രവാസി മലയാളികളുടെ പുനരധിവാസം

87 (1558) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം വിദേശ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾമൂലം ജോലിയും സമ്പാദ്യവും നഷ്ടപ്പെട്ട് മടങ്ങിവരുന്ന മലയാളികളുടെ പുനരധിവാസത്തിന് വേണ്ടി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇതുവരെ പൂർണ്ണമായും നടപ്പാക്കപ്പെട്ടത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതികൾ നടപ്പാക്കുന്നതിനായി എന്ത് തുക നാളിതുവരെ ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾമൂലം ജോലിയും സമ്പാദ്യവും നഷ്ടപ്പെട്ട് മടങ്ങിവരുന്ന മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്.

(സി) ഈ പദ്ധതിയിൽ നാളിതുവരെ സബ്സിഡി ഇനത്തിൽ 6.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**വിദേശത്തുനിന്ന് മൃതദേഹം എത്തിക്കുന്ന നടപടി**

88 (1559) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവന്ന് സംസ്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇങ്ങനെയുള്ള മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിന് വിമാന ടിക്കറ്റ് സർക്കാർ വഹിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്ര മൃതദേഹങ്ങൾ സർക്കാരിന്റെ ചിലവിൽ നാട്ടിൽ എത്തിച്ചിട്ടുണ്ട്;

(സി) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയർക്ക് അവർ ജോലി ചെയ്തതോ കച്ചവടങ്ങൾ ചെയ്തതോ ആയ രാജ്യങ്ങളിൽ നിന്ന് കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കേരള സർക്കാർ ഇടപെടാറുണ്ടോ; എങ്കിൽ ഇങ്ങനെ എത്ര കേസുകളിൽ ഇടപെട്ടിട്ടുണ്ട് എന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly